"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫിസർ ശ്രീ. സുരേഷ് കുമാർ.വി.എ. യ്ക്ക്, ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചും, ക്ലർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനവും നൽകി ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.20/2025/F&WLD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 1. ശ്രീ. സുരേഷ് കുമാർ.വി.എ. സമർപ്പിച്ച 28.03.2022 ലെ അപേക്ഷ.

2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.06.2023, 22.06.2024, 8.4.2025 തീയതികളിലെ ഇ7/3611/2022 നമ്പർ കത്തുകൾ.

## ഉത്തരവ്

വനം വന്യജീവി വകുപ്പിൽ പാലക്കാട് ജില്ലയിലെ നെന്മാറ ഡിവിഷനിൽ ആലത്തൂർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് കുമാർ.വി.എ ടിയാന് ഡ്യൂട്ടിക്കിടയിലുണ്ടായ അപകടത്തെ തുടർന്ന് ശാരീരിക വൈഷമ്യങ്ങൾ മൂലം ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നിർവ്വഹിക്കുന്നതിന് സാധിക്കാത്തതിനാൽ ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ രേഖകൾ സഹിതം പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശയോടെ പരാമർശം (2) ലെ 5.06.2023 തീയതിയിലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2). തുടർന്ന്, ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് ഫീൽഡ് ജോലികളുടെ ഭാഗമായി മലകളും കുന്നുകളും കയറി ഇറങ്ങുന്നതിനും, ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ തുരത്തുന്നതിനും, വന്യമൃഗങ്ങൾ തിരിച്ച് ആക്രമിക്കുമ്പോൾ രക്ഷപ്പെടുന്നതിനും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ജോലിയിൽ തുടരുന്നതിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതാണെന്ന റിപ്പോർട്ട് പരാമർശം (2) ലെ 22.06.2024 തീയതിയിലെ കത്ത് പ്രകാരവും, ശ്രീ. സുരേഷ് കുമാർ വി.എ.യുടെ നിലവിലെ ശാരീരിക അവസ്ഥ ക്ലർക്ക്

തസ്തികയിൽ ജോലി ചെയ്യുന്നതിന് തടസ്സമാവില്ലായെന്ന പാലക്കാട് ജില്ലാ ഹോസ്പിറ്റൽ സിവിൽ സർജന്റെ സർട്ടിഫിക്കറ്റ് പരാമർശം (2) ലെ 8.4.2025 തീയതിയിലെ കത്ത് പ്രകാരവും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കുകയുണ്ടായി.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20(4)പ്രകാരം നിലവിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ചു കൊണ്ട് ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റവും, ക്ലർക്ക് തസ്തികയിൽ റെഗുലർ ഒഴിവ് ഉണ്ടാകുന്നതുവരെയോ, ശ്രീ. സുരേഷ് കുമാർ വി.എ പെൻഷൻ ആകുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതു വരെ ക്ലർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. സുരേഷ് കുമാർ.വി.എ(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ], കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ് സി )വകുപ്പ്(ഇനം നം 3123 തീയതി 10.07.2025).
സാമൂഹ്യ നീതി വകുപ്പ്.
ധനകാര്യ വകപ്പ്.
വെബ് & ന്യൂ മീഡിയ.
ഓഫീസ് കോപ്പി/കരുതൽ കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 16-07-2025 14:15:51

പകർപ്പ്:-
ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. എഫ്3/100/2023/വനം. ഇനം നം: 3123

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ വി. എ.-യ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

AS (FWLD)

14/7

3123

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ് 3/100/2023/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.05.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല.<br>ധനകാര്യ വകുപ്പിന്റെ റിമാർക്സ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. സാമൂഹ്യനീതി വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, നിയമ വകുപ്പ് .<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സൂസൻ ഗോപി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.07.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.07.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ.വി.എ.യ്ക്ക് ഡ്യൂട്ടിക്കിടയിലുണ്ടായ അപകടത്തെ തുടർന്നുള്ള ശാരീരിക ബുദ്ധിമുട്ടുകൾ കാരണം ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ. വി.എ. സൈലന്റ്‌വാലി ഡിവിഷനിലെ ഭവാനി റേഞ്ചിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ പരിക്കേൽക്കുകയും അതു മൂലം ടിയാന്റെ വലതു കാൽമുട്ടിലെ Anterior Cruciate Ligament (ACL) തകരാറിലാവുകയും ചെയ്തിരുന്നു. അതിനുശേഷം പാലക്കാട് ഡിവിഷിനിലെ ഒലവക്കോട് റേഞ്ചിൽ ജോലി ചെയ്തു വരവേ റെയ്ഡിൽ പങ്കെടുക്കുന്നതിനിടയിൽ വലതു കാൽമുട്ടിന് വീണ്ടും പരിക്ക് പറ്റുകയുണ്ടായി. മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 20% സ്ഥിര ഡിസെബിലിറ്റി (Right Knee – Complete All Tear with Instability) സംഭവിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശാരീരിക വൈഷമ്യങ്ങൾ മൂലം ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നിർവ്വഹിക്കുന്നതിന് സാധിക്കാത്തതിനാൽ ക്ലർക്ക് തസ്തികയിലേയ്ക്ക് മാറുന്നതിന് ശ്രീ സുരേഷ് കുമാർ വി.എ. സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി

3. ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് ടിയാൻ സമർപ്പിച്ചിട്ടുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2016-ലെ ഭിന്നശേഷി

അവകാശനിയമത്തിലെ വകുപ്പ് 20(4)-ന്റെ ആനുകൂല്യം നൽകി, തസ്തികമാറ്റം അനുവദിക്കുന്നതിൽ സാമൂഹിക നീതി വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. മേൽ വകുപ്പിന്റെ റിമാർക്സ് ചുവടെ ചേർക്കുന്നു.

'ശ്രീ. സുരേഷ് കുമാർ.വി.എ. യ്ക്ക് ഡ്യൂട്ടിക്കിടയിലുണ്ടായ അപകടത്തെ തുടർന്ന് 20% വൈകല്യമുണ്ടായതാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. Rights of Persons with Disabilities Act 2016 തസ്തികമാറ്റത്തിനായുള്ള വൈകല്യതോത് ബഞ്ച് മാർക്ക് ഡിസെബിലിറ്റിയായ 40% വേണമെന്ന് വിവക്ഷിക്കുന്നില്ല.

Rights of Persons with Disabilities Act 2016 , section 20(4) ഇപ്രകാരം വിവക്ഷിക്കുന്നു. "No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:

Provided that , if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:

Provided further that if it is not possible to adjust the employee against any post he may kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier".

മേൽ സാഹചര്യത്തിൽ Rights of persons with Disabilities Act 2016-ൽ തസ്തികമാറ്റത്തിനായുള്ള വൈകല്യതോത് ബഞ്ച് മാർക്ക് ഡിസെബിലിറ്റിയായ 40% വേണമെന്ന് വിവക്ഷിക്കുന്നില്ലെന്നും, ശ്രീ. സുരേഷ് കുമാർ വി.എ. ഹാജരാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ Rights of persons with Disabilities Act 2016, Section 20(4) പ്രകാരം തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും വനം വന്യജീവി വകുപ്പിനെ അറിയിക്കുന്നു

4. തുടർന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി.

The Rights of persons with Disabilities Act 2016-ന്റെ സെക്ഷൻ 20(4)-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം സർവ്വീസിലിരിക്കെ സംഭവിച്ച വികലാംഗത്വം കാരണം തസ്തികയിൽ തുടർന്ന് സേവനമനുഷ്ഠിക്കാൻ അനുയോജ്യനല്ലാതെ വരുമ്പോഴാണ് മറ്റൊരു സമാന തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത്. ശ്രീ. സുരേഷ് കുമാർ വി.എ.യുടെ കാര്യത്തിൽ ടിയാന് 20% ഡിസെബിലിറ്റി സംഭവിച്ചിട്ടുണ്ടെന്ന് പാലക്കാട് മെഡിക്കൽ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വികലാംഗത്വം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ തുടർന്ന് സേവനമനുഷ്ഠിക്കാൻ കഴിയാത്തവിധം ടിയാനെ അയോഗ്യനാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ഇക്കാര്യത്തിൽ ഭരണ വകുപ്പ് വ്യക്തത വരുത്തിയതിനുശേഷം Rights of persons with Disabilities Act 2016-ന്റെ സെക്ഷൻ 20(4)-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ക്ലർക്ക് തസ്തികയിൽ ടിയാന് തസ്തികമാറ്റ നിയമനം അനുവദിക്കാമോ എന്ന കാര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായം തേടി ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണ്.

5. ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് ഫീൽഡ് ജോലികളുടെ ഭാഗമായി മലകളും കുന്നുകളും കയറി ഇറങ്ങുന്നതിനും, ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ തുരത്തുന്നതിനും, വന്യമൃഗങ്ങൾ തിരിച്ച് ആക്രമിക്കുമ്പോൾ രക്ഷപ്പെടുന്നതിനും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ജോലിയിൽ തുടരുന്നതിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. സുരേഷ് കുമാർ വി.എ.യുടെ നിലവിലെ ശാരീരിക അവസ്ഥ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്നതിന് തടസ്സമാവില്ലായെന്ന പാലക്കാട് ജില്ലാ ഹോസ്പിറ്റൽ സിവിൽ സർജന്റെ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്.

6. നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"2016-ലെ The Rights of Persons With Disabilities Act-ലെ വകുപ്പ് 20 ഉപവകുപ്പ് (4)-ലെ വ്യവസ്ഥകൾ പ്രകാരം യാതൊരു സർക്കാർ സ്ഥാപനവും ഒരു ജീവനക്കാരന് തന്റെ സേവന കാലയളവിനിടയിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം സംഭവിച്ചു എന്നതിനാൽ ടിയാളുടെ സേവനം വേണ്ടെന്ന് വെയ്ക്കുകയോ; ടിയാൾ ജോലി ചെയ്തുവരുന്ന തസ്തികയിൽ നിന്ന് ടിയാളിനെ തരം താഴ്ത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

20(4) No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:

Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:

Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier.

ടി വകുപ്പ് 20 ഉപവകുപ്പ് (4) - ലെ 1-ാം ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം അപ്രകാരം വൈകല്യം സംഭവിച്ചതിന് ശേഷം, ഒരു സർക്കാർ ജീവനക്കാരന് അയാൾ നേരത്തെ ജോലി ചെയ്ത് വന്നിരുന്ന തസ്തിക അനുയോജ്യമല്ല എന്ന് സർക്കാർ തന്നെ കണ്ടെത്തുന്നപക്ഷം, സർക്കാർ അയാളെ സമാന ശമ്പളസ്കെയിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ശ്രീ. സുരേഷ് കുമാർ വി. എ.യ്ക്ക് ഡ്യൂട്ടിക്കിടയിലുണ്ടായ അപകടത്തെ തുടർന്നുള്ള ശാരീരിക വൈകല്യം ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്നതിന് ടിയാൻ അനുയോജ്യനല്ല എന്ന് കണ്ടെത്തുന്നപക്ഷം ടിയാനെ സമാന ശമ്പളസ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള തസ്തികയിലേയ്ക്ക് മാറ്റുന്നതിന് തടസ്സമില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.

7. തുടർന്ന്, ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി.

"2016-ലെ The Rights of Persons With Disabilities Act-ലെ വകുപ്പ് 20 ഉപവകുപ്പ് (4)-ലെ വ്യവസ്ഥകൾ പ്രകാരം യാതൊരു സർക്കാർ സ്ഥാപനവും ഒരു ജീവനക്കാരൻ തന്റെ സേവന കാലയളവിനിടയിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം സംഭവിച്ചു എന്നതിനാൽ ടിയാളുടെ സേവനം വേണ്ടെന്ന് വെയ്ക്കുകയോ; ടിയാൾ ജോലി ചെയ്തുവരുന്ന തസ്തികയിൽ നിന്ന് ടിയാളിനെ തരം താഴ്ത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും അപ്രകാരമുള്ള നിയമനങ്ങളിൽ അതേ സ്കെയിലിലുള്ള തസ്തികകളിലേയ്ക്ക് മാറ്റി നിയമിക്കാനാവൂ എന്നതിനാലും ജീവനക്കാരന്റെ ശമ്പളം സംരക്ഷിച്ചുകൊണ്ട് മാത്രമേ വേറൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കാൻ കഴിയൂ. ഇവിടെ ശ്രീ. സുരേഷ് കുമാർ വി. എ-യുടെ കാര്യത്തിൽ ടിയാന് 20% ഡിസെബിലിറ്റി സംഭവിച്ചിട്ടുണ്ടെന്ന് പാലക്കാട് മെഡിക്കൽ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വികലാംഗത്വം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ തുടർന്ന് സേവനമനുഷ്ഠിക്കാൻ കഴിയാത്തവിധം ടിയാനെ ആയോഗ്യനാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ലെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ശ്രീ.സുരേഷ് കുമാറിന് ടി ആക്റ്റിന്റെ ആനുകൂല്യത്തിനു അർഹതയുണ്ടോ എന്നത് ഭരണവകുപ്പ് ഉറപ്പു വരുത്തേണ്ടതും അപ്രകാരം ടിയാന് ടി ആക്റ്റിന്റെ ആനുകൂല്യം നല്കാൻ തീരുമാനിക്കുന്ന പക്ഷം ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും സംരക്ഷിച്ച് കൊണ്ട് വേറൊരു തസ്തികയിൽ നിയമനം നല്കുകയോ അത്തരം നിയമനം സാധ്യമല്ലാത്ത പക്ഷം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുകയോ ചെയ്യേണ്ടതാണ്"

8. സമാനമായ കേസുകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനം കണക്കിലെടുത്ത്, ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് 2016-ലെ ഭിന്നശേഷി അവകാശനിയമത്തിലെ വകുപ്പ് 20(4) പ്രകാരം, വ്യവസ്ഥകൾക്ക് വിധേയമായി, ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിച്ചു നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

9. തുടർന്ന് ചീഫ് സെക്രട്ടറി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഉത്തരവാകുകയുണ്ടായി .

'പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ലെന്നും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 4 പേർ നിയമനം കാത്തിരിക്കുകയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇപ്പോൾ തസ്തികമാറ്റം അനുവദിച്ചാൽ തന്നെ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ശ്രീ സുരേഷ് കുമാർ വി.എ,യ്ക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ കഴിയുകയുള്ളൂ . ഈ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതു പ്രകാരം ഒഴിവ് ഉണ്ടാകുന്നതുവരെയോ പെൻഷൻ ആകുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതു വരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന കാര്യം പരിശോധിച്ച് അതിനനുസൃതമായി കുറിപ്പിൽ ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ്".

10. വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ.വി.എ. യ്ക്ക്, 2016-ഭിന്ന ശേഷി അവകാശ നിയമത്തിലെ വകുപ്പ് 20(4) പ്രകാരം, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ചു കൊണ്ട്, ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിക്കുന്നതിനും, ക്ലാർക്ക് തസ്തികയിൽ റെഗുലർ ഒഴിവ് ഉണ്ടാകുന്നതുവരെയോ പെൻഷൻ ആകുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതു വരെ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നകാര്യം ഉൾപ്പെടുത്തി മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിൽ ഭേദഗതി വരുത്തുന്നതിൽ ഉത്തരവിനായി ഫയൽ

ചംക്രമണം ചെയ്തപ്പോൾ, അപ്രകാരം പുതുക്കിയ കുറിപ്പ് തയ്യാറാക്കി സമർപ്പിക്കുവാൻ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രി ഉത്തരവാകുകയുണ്ടായി

**തീരുമാനിക്കേണ്ട വിഷയം**

വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് കുമാർ വി.എ.യ്ക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 20(4)പ്രകാരം നിലവിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ചു കൊണ്ട് ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റവും, ക്ലർക്ക് തസ്തികയിൽ റെഗുലർ ഒഴിവ് ഉണ്ടാകുന്നതുവരെയോ, ശ്രീ. സുരേഷ് കുമാർ പെൻഷൻ ആകുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതു വരെ ക്ലർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനവും നൽകാമോ ?.